കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശസ്വയംഭരണം - പഞ്ചായത്ത് വകുപ്പ്-ജീവനക്കാര്യം-ഇടുക്കി ജില്ലയിലെ നെടുങ്കണ്ടം ഗ്രാമ പഞ്ചായത്താഫീസിലെ റിട്ട.ക്ലാർക്ക് ശ്രീ.ആർ.ഗോപാലകൃഷ്ണൻ നായരുടെ പ്രൊബേഷൻ കാലയളവ് ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്**

**സ.ഉ.(സാധാ) നം.695/2019/തസ്വഭവ തീയതി,തിരുവനന്തപുരം,23/03/2019**

---

പരാമർശം : 1. സ.ഉ (കൈ) നം. 224/2014/തസ്വഭവ, തീയതി 12.12.2014.

2. ഇടുക്കി പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 23.11.2018 ലെ എ 3-1914/14 നമ്പർ നടപടിക്രമം.

3. ഇടുക്കി പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 21.06.2018 ലെ എ 3-6028/18 നമ്പർ നടപടിക്രമം.

4. പഞ്ചായത്ത് ഡയറക്ടറുടെ 05.02.2019 ലെ ഇ 6-25595/18 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

ഇടുക്കി ജില്ലയിലെ നെടുങ്കണ്ടം ഗ്രാമ പഞ്ചായത്താഫീസിലെ റിട്ട.ക്ലാർക്ക് ശ്രീ.ആർ.ഗോപാലകൃഷ്ണൻ നായരുടെ പ്രൊബേഷൻ കാലയളവ് ദീർഘിപ്പിച്ച് നല്കുന്നതിനായി പഞ്ചായത്ത് ഡയറക്ടർ പരാമർശം (4) പ്രകാരം ശിപാർശ സർക്കാരിൽ സമർപ്പിച്ചു

2. ശ്രീ.ആർ.ഗോപാലകൃഷ്ണൻ നായർ, 25.10.2006 FN ൽ ക്ലാർക്ക് തസ്തികയിൽ പ്രവേശിച്ചു. ടിയാൻ ജനിച്ചത് 23.02.1961 ൽ ആണ്. നിശ്ചിത സമയപരിധിയ്ക്കുള്ളിൽ എം. ഒ. പി പരീക്ഷ വിജയിയ്ക്കാത്തതിനാൽ ഇടുക്കി പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ പരാമർശം (2) പ്രകാരം ടിയാന്റെ പ്രൊബേഷൻ കാലയളവ് 36 ദിവസത്തെ പരിവർത്തിതാവധി ഉൾപ്പെടെ 30.11.2008 മുതൽ ഒരു വർഷത്തേക്ക് ദീർഘിപ്പിച്ച് നല്കിയിരുന്നു. ടിയാന് 50 വയസ്സ് പൂർത്തിയായതിന്റെ അടിസ്ഥാനത്തിൽ ടിയാനെ നിർബന്ധിത വകുപ്പുതല പരീക്ഷകൾ വിജയിക്കുന്നതിൽ നിന്നും ഒഴിവാക്കി ഇടുക്കി പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ പരാമർശം (3) പ്രകാരം ഉത്തരവായിരുന്നു. ശ്രീ.ആർ.ഗോപാലകൃഷ്ണൻ നായർക്ക് 22.02.2011 ൽ 50 വയസ്സ് പൂർത്തിയായതിന്റെ അടിസ്ഥാനത്തിൽ ടിയാന്റെ പ്രൊബേഷൻ കാലാവധി 30.11.2009 മുതൽ 14.12.2014 AN വരെ ദീർഘിപ്പിയ്ക്കണമെന്ന് പരാമർശം (5) പ്രകാരം പഞ്ചായത്ത് ഡയറക്ടർ ശിപാർശ ചെയ്യുകയുണ്ടായി.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു പരാമർശകത്തിലെ പഞ്ചായത്ത് ഡയറക്ടറുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ, ഇടുക്കി ജില്ലയിലെ നെടുങ്കണ്ടം ഗ്രാമ പഞ്ചായത്താഫീസിലെ റിട്ട.ക്ലാർക്ക് ശ്രീ.ആർ.ഗോപാലകൃഷ്ണൻ നായർക്ക് 50 വയസ്സ്

പൂർത്തിയായതിന്റെ അടിസ്ഥാനത്തിൽ കെ.എസ്&എസ്എസ്.ആർ പാർട്ട് 2, റൂൾ 13 ബി പ്രകാരം 13.12.2014 FN തീയതി പ്രാബല്യത്തിൽ ക്ലാർക്ക് തസ്തികയിലെ ടിയാന്റെ നിരീക്ഷണകാലം പ്രഖ്യാപിക്കുന്നതിനായി പ്രൊബേഷൻ കാലാവധി 30.11.2009 മുതൽ 14.12.2014 AN വരെ ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**ഷീബ.ബി**

**ഗവ. ഡെപ്യൂട്ടി സെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ഇടുക്കി (പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം).

സെക്രട്ടറി, നെടുങ്കണ്ടം ഗ്രാമപഞ്ചായത്താഫീസ്, ഇടുക്കി(പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം).

ഇൻഫർമേഷൻ ആൻഡ് പബ്ലിക്ക് റിലേഷൻസ് (വെബ് ആൻഡ് ന്യൂ മീഡിയ) വകുപ്പ്.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ. കെ. എം, തിരുവനന്തപുരം.

കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്(30/ഇപിഎ 1/19/തസ്വഭവ നമ്പർ ഫയലിലേക്ക്).

ഉത്തരവിൻപ്രകാരം,

Dannijo HI

സെക്ഷൻ ഓഫീസർ